മണ്ഡലങ്ങളുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള പൂർണ്ണമായ അധികാരം സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷനിലും, വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിലും നിക്ഷിപ്തമാണ്.

(ബി) സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളുടേയും 47 മുനിസിപ്പാലിറ്റികളുടെയും 3 കോർപ്പറേഷനുകളുടെയും വാർഡ് വിഭജനം സംബന്ധിച്ച് സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷനും സംസ്ഥാന ഇലക്ഷൻ കമ്മീഷനും ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് പരാതിക്കാരെ കമ്മീഷൻ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തി 971 ഗ്രാമ പഞ്ചായത്തുകളുടേയും 47 മുനിസിപ്പാലിറ്റികളുടെയും 3 മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അന്തിമ വാർഡ് വിഭജന ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 5886 പരാതികൾ സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷന് ലഭിക്കുകയും അവയിൽ 5884 എണ്ണം തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 147 പരാതികൾ സംസ്ഥാന ഇലക്ഷൻ കമ്മീഷന് ലഭിക്കുകയും അവ ആവശ്യമായ നിർദ്ദേശങ്ങളോടെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. ഇവയിൽ പല പരാതികളും പരിഹരിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതായി ഇലക്ഷൻ കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഭരണഘടനാ സ്ഥാപനമാണ്. ഇലക്ഷൻ പരാതികൾ പരിഹരിക്കുന്നതിന് വ്യക്തമായ നിയമവ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും ഉണ്ട്. തിരഞ്ഞെടുപ്പിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലില്ല.

ബ്ലോക്കുകളുടെ പുനർവിഭജനം

99 (4722) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികസന ബ്ലോക്കുകളുടെ പുനർവിഭജനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾ ഏതൊക്കെ ബ്ലോക്കിലാണെന്നും ഏതൊക്കെ ബ്ലോക്കുകൾ ഏതേത് നിയമസഭാ മണ്ഡലങ്ങളിലും ഉൾപ്പെടുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകളുടെ പുനർ വിഭജനത്തിന് സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടന്നിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ നഗരസ്വഭാവം ആർജ്ജിച്ച ചില ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി പരിവർത്തനപ്പെടുത്തുന്നതു മൂലവും ചില ഗ്രാമപഞ്ചായത്തുകളെ സമീപ മുനിസിപ്പാലിറ്റികളോടും മുനിസിപ്പൽ കോർപ്പറേഷനുകളോടും സംയോജിപ്പിക്കുന്നതുമൂലവും മൂന്നോ അതിൽ കുറവോ ഗ്രാമപഞ്ചായത്തുകൾ മാത്രമുള്ള ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിക്കുന്നതുമൂലവും ഇല്ലാതാകുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് പകരമായി, ബ്ലോക്ക് പഞ്ചായത്തുകളുടെ ആകെ എണ്ണം 152 ആയിത്തന്നെ നിലനിർത്തിക്കൊണ്ട് ഭൂമിശാസ്ത്രപരവും ഭരണപരവുമായ സൗകര്യം കണക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഘടക ഗ്രാമപഞ്ചായത്തുകളുടെ എണ്ണം, ജനസംഖ്യ, വിസ്തൃതി എന്നിവയിൽ മുന്നിട്ടുനിൽക്കുന്ന വലിയ ബ്ലോക്കുകളിൽ നിന്നും ചില ഗ്രാമ പഞ്ചായത്തുകളെ മാറ്റി സമീപസ്ഥമായതും പൊതുവായ അതിരുകൾ പങ്കിടുന്നതുമായ ബ്ലോക്കുകളിൽ ഉൾപ്പെടുത്തിയാണ് ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

ഗുണഭോക്തൃലിസ്റ്റ് പ്രദർശിപ്പിക്കാൻ നടപടി

100 (4723) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് സംവിധാനത്തിലൂടെ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടെ വ്യാപകമായി അഴിമതി നടക്കുന്ന സാഹചര്യത്തിൽ ഗുണഭോക്തൃലിസ്റ്റ് വർഷാവർഷം പഞ്ചായത്തിലും എല്ലാ വാർഡുകളിലും എഴുതി പ്രദർശിപ്പിക്കുന്നതിനും ഒരു ബുക്ക്‌ലെറ്റായി വർഷാവർഷം പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) അർഹരെ തഴഞ്ഞ് അനർഹർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നത് തടയാൻ എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഗ്രാമസഭയിലൂടെ ക്ഷണിച്ച് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി മാർക്ക് നൽകി മുൻഗണനാക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കി വീണ്ടും ഗ്രാമസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly